പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 288 — 21.06.2013-ലെ മറുപടിയ്ക്ക്

## 2013-14-ലെ പദ്ധതി രൂപീകരണവും നിർവ്വഹണവും

**ചോദ്യം**

ശ്രീ.എ.പ്രദീപ് കുമാർ
ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ഡോ.കെ.ടി.ജലീൽ
ശ്രീ.പി.കെ.ഗുരുദാസൻ

**ഉത്തരം**

ഡോ: എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2013-14-ലെ പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച സമയക്രമം വിശദമാക്കാമോ; | (എ) 09.04.2013-ലെ സ.ഉ(എം.എസ്) നമ്പർ 146/13/തസ്വഭവ അനുസരിച്ച് 2013-14 വാർഷിക പദ്ധതികൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ 31.05.2013നകം അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ 31.05.2013-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.3 നമ്പർ തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ഡാറ്റാ എൻട്രി നടത്തുന്നതിന് ജൂൺ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്. നിർവ്വഹണത്തിന് നിലവിൽ പ്രത്യേക സമയക്രമം നിശ്ചയിച്ചിട്ടില്ല. |
| (ബി) ആയതനുസരിച്ച് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരിച്ച് അംഗീകാരം നേടിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) ഉണ്ട്. മലപ്പുറം, ആറ്റിങ്ങൽ, നെയ്യാറ്റിൻകര എന്നീ നഗരസഭകളും മുതുകുളം, വെളിയനാട് എന്നീ ബ്ലോക്ക് പഞ്ചായത്തുകളും 208 ഗ്രാമപഞ്ചായത്തുകളും വാർഷിക പദ്ധതി രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്. |
| (സി) പദ്ധതി രൂപീകരണത്തിനും അംഗീകാരം നേടിയെടുക്കുന്നതിനും എന്തെല്ലാം ബുദ്ധിമുട്ടുകളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്നത് ; | (സി) പദ്ധതി രൂപീകരണത്തിനും അംഗീകാരം നേടിയെടുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ഡി) ഇവ പരിഹരിച്ച് മുന്നോട്ടു പോകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ? | (ഡി) ബാധകമല്ല |

സെക്ഷൻ ഓഫീസർ